കവലയൂർ മഹാദേവ ക്ഷേത്രക്കുളം

127(827) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ നവീകരിക്കാൻ അനുവദിച്ച തുക ചെലവഴിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്ഥിതിവിശേഷത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കവലയൂർ മഹാദേവക്ഷേത്രക്കുളം നവീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് പറയൽ നമ്പർ ഉൾപ്പെടെ വിശദമാക്കാമോ?

ഉത്തരം

(എ) ക്ഷേത്രക്കുള നവീകരണത്തിനായി സർക്കാരിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ച തുക ഉപയോഗപ്പെടുത്തി തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ വരുന്ന പാൽക്കുളങ്ങര ക്ഷേത്രക്കുളം നവീകരിച്ചു കഴിഞ്ഞതായും ശ്രീ. സുബ്രഹ്മണ്യക്ഷേത്രക്കുളം (തിരുവനന്തപുരം ഗ്രൂപ്പ്), കുളങ്ങര ക്ഷേത്രക്കുളം (ഉള്ളൂർ ഗ്രൂപ്പ്), വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രക്കുളം (വർക്കല ഗ്രൂപ്പ്) എന്നിവയുടെ നവീകരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) കവലയൂർ മഹാദേവ ക്ഷേത്രക്കുളം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് ക്ഷേത്ര ഉപദേശക സമിതി സെക്രട്ടറി നൽകിയ അപേക്ഷ ലഭ്യമായിട്ടുണ്ട്. പറയൽ നമ്പർ 84530/ദേവ 2/2015/ആർഡി ആണ്. പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശിപാർശകൂടി ലഭ്യമായാൽ മാത്രമേ അപേക്ഷ പരിഗണിക്കാൻ കഴിയുകയുള്ളൂ. കുളങ്ങളുടെയും കാവുകളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി 1 കോടി രൂപ മാത്രമേ 2015-16 സാമ്പത്തിക വർഷം വകയിരുത്തി നൽകിയിട്ടുള്ളൂ. ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി പ്രത്യേക തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിച്ചെങ്കിൽ മാത്രമേ ഓരോ ദേവസ്വങ്ങൾക്കും ടി പദ്ധതിക്കായി തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly